പട്ടികജാതി-പട്ടിക വർഗ്ഗക്കാർ

44 [51] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ :

(ബി) ജനസംഖ്യാനുപാതികമായി കേരളത്തിലെ ഹരിജനങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ നൽകുന്നില്ല എന്ന പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1981-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാശതമാനം ആകെ ജനസംഖ്യയുടെ 11.05 ആണ്.

(ബി) ഉണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

45 [52] ശ്രീ. ടി. എച്ച്. മുസ്തഫ :
,, കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, രാഘവൻ പുഴക്കടവിൽ :
,, ജി. കാർത്തികേയൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, പന്തളം സുധാകരൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമപ്രവർത്തനങ്ങളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ കൊണ്ടുവരുന്നതിനുള്ള പരിപാടികൾക്ക് 1982-83, 1983-84, 1984-85 ഈ വർഷങ്ങളിൽ എത്ര ശതമാനം നേട്ടം കൈവരിക്കുകയുണ്ടായി :

(ബി) ഇതുസംബന്ധിച്ച് പ്ലാനിംഗ് കമ്മീഷന്റെ വിലയിരുത്തൽ എന്തെന്നു വ്യക്തമാക്കാമോ ;

(സി) ഏഴാം പദ്ധതിക്കാലത്ത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പുതിയ ഹരിജനക്ഷേമപരിപാടികൾ എന്തൊക്കെ ;

(ഡി) ഹരിജൻ-ഗിരിജന വർഷത്തിൽ വിവിധ വകുപ്പുകളിലായി താൽക്കാലികമായി ജോലി ലഭിച്ചിരുന്ന പട്ടികജാതി-പട്ടിക വർഗ്ഗക്കാരായ എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1982-83-ൽ 82% വും 1983-84-ൽ 107% വും 1984-85-ൽ 110% വും കൈവരിക്കുകയുണ്ടായി.

(ബി) പ്ലാനിംഗ് കമ്മീഷന്റെ വിലയിരുത്തൽ റിപ്പോർട്ടുകൾ ഒന്നും തന്നെ ഇതുവരെ കിട്ടിയിട്ടില്ല. എന്നിരുന്നാലും ഏഴാം പദ്ധതിക്കുവേണ്ടി പ്ലാനിംഗ് കമ്മീഷനിൽ രൂപീകരിച്ച 'വർക്കിംഗ് ഗ്രൂപ്പ്' പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പ്രത്യേക ഘടകപദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് താഴെപ്പറയുന്ന പരാമർശം നടത്തുകയുണ്ടായി.

"കേരളവും ആന്ധ്രാപ്രദേശുംപോലുള്ള സംസ്ഥാനങ്ങൾ പ്രത്യേക ഘടക പദ്ധതി' 'ജില്ലാതലത്തിൽ വികേന്ദ്രീകരിച്ച് നടപ്പാക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയതുകൊണ്ട് ശരിയായ ഗുണഭോക്താക്കളെ പദ്ധതിയിൽ സഹകരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഏഴാം പദ്ധതിയിൽ പ്രത്യേക ഘടകപദ്ധതികൾ പൂർണ്ണമായും ജില്ലാതലത്തിൽ വികേന്ദ്രീകരിച്ച് നടപ്പാക്കുന്നതും, മുൻകാലങ്ങളിൽ ലഭിച്ച സഹായം ദാരിദ്രരേഖയ്ക്കു മുകളിൽ വരുന്നതിനായി അപര്യാപ്തമായിരുന്നെങ്കിൽ, അതുപോലുള്ള ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി കുറഞ്ഞപക്ഷം അൻപതു ശതമാനം കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ കൊണ്ടുവരുന്നതിനുമാണ് പരിപാടിയിട്ടിരിക്കുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹരിജന-ഗിരിജന ക്ഷേമപ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാർ

46. [53] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും ക്ഷേമ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ ഉദ്യോഗസ്ഥൻമാർ ശിക്ഷണനടപടികൾക്ക് വിധേയരായിട്ടുണ്ടോ :

(ബി) എങ്കിൽ എത്ര പേർ ;

(സി) അവർ ആരെല്ലാം ;

(ഡി) ഇവർക്കു നൽകിയിട്ടുള്ള ശിക്ഷണ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിലും, പട്ടികജാതി വികസന വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും സഹകരണ വകുപ്പിലും മൽസ്യ ബന്ധന വകുപ്പിലുമായി 37 പേരെ ശിക്ഷണനടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്. മറ്റുള്ള വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly